## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7912 | 16.07.2014 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ എത്രയാണ്; ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ 600.57 കോടി രൂപയാണ്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 449.34 കോടി രൂപയായിരുന്നു.

(ബി) എത്ര വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എത്ര കോടി രൂപ വീതമാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശിക വരുത്തിയിട്ടുള്ള വായ്പേതര സഹകരണ സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു

| നം. | സ്ഥാപനത്തിന്റെ പേര് | 31.03.2014 പ്രകാരം മൊത്തം കുടിശ്ശിക (തുക കോടിയിൽ) |
|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), എറണാകുളം | 155.92 |

| | | |
|---|---|---|
| 2 | കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്), എറണാകുളം | 43.20 |
| 3 | കേരള സംസ്ഥാന സഹകരണ കയർ വിപണന ഫെഡറേഷൻ (കയർഫെഡ്), ആലപ്പുഴ | 22.53 |
| 4 | കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാൻടെക്സ്), തിരുവനന്തപുരം | 59.38 |
| 5 | കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ (റബ്ബർമാർക്ക്) | 65.20 |
| 6 | കേരള സംസ്ഥാന സഹകരണ റബ്ബർ സഹകരണ സംഘം (റബ്കോ), കണ്ണൂർ | 129.40 |
| 7 | അഗ്രീൻകോ, കണ്ണൂർ | 22.12 |
| 8 | മലബാർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസിംഗ് സൊസൈറ്റി, കണ്ണൂർ | 1.26 (31.05.2014) |
| 9 | പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ | 1.25 (30.04.2014) |

(സി) നിഷ്ക്രിയ ആസ്തി കുറച്ച്കൊണ്ടുവരാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) നിഷ്ക്രിയ ആസ്തി നിയന്ത്രണത്തിനായി ഒരു നയം (എൻ.പി.എ മാനേജ്മെന്റ് പോളിസി) പ്രത്യേകമായി ആവിഷ്കരിച്ച് അർഹതപ്പെട്ട വായ്പകളിന്മേൽ ഇളവുകൾ അനുവദിച്ച് നിഷ്ക്രിയ ആസ്തിയായ വായ്പകളിൽ തീർപ്പ് കൽപ്പിക്കുവാൻ ഫലപ്രദമായ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ സർക്കാരിന്റെ കുടിശ്ശിക നിവാരണ പദ്ധതിയായ ആശ്വാസ് പദ്ധതിയുടെ ചുവട് പിടിച്ച് മുൻ വർഷങ്ങളിൽ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകി നിഷ്ക്രിയ ആസ്തിയായ വായ്പകൾ തിരികെ ഈടാക്കിയിട്ടുണ്ട്. ഇതിന്പുറമെ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി "കോ-ബാങ്ക് ആശ്വാസ് 2014" എന്ന പേരിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. കൂടാതെ സർഫെയ്സി നിയമമനുസരിച്ചും ആർബിട്രേഷൻ നടപടികളിലൂടെയും നിഷ്ക്രിയ ആസ്തിയായ വായ്പകൾ തിരിച്ച് പിടിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമായി നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ